LIBRARY ARCHIVES Kerala Legislative Assembly

ഓട്ടോറിക്ഷകളിൽ ഡിജിറ്റൽ മീറ്റർ സ്ഥാപിക്കണമെന്ന ഉത്തരവ്

92 [2129] ശ്രീ. ടി. പി. രാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഓട്ടോറിക്ഷകളിൽ ഫെയർ മീറ്ററുകൾ സ്ഥാപിക്കണമെന്ന് നിഷ്കർഷിച്ചിച്ചിരിക്കുന്നത് ഏതെല്ലാം പ്രദേശങ്ങളിലാണെന്ന് വ്യക്തമാക്കുമോ;

(ബി) ഇപ്പോൾ മെക്കാനിക്കൽ മീറ്ററുകൾ ഘടിപ്പിച്ച ഓട്ടോറിക്ഷകളിൽ ഡിജിറ്റൽ മീറ്ററുകൾ ഘടിപ്പിക്കാൻ ഉത്തരവിറക്കിയിട്ടുണ്ടോ എന്ന് വിശദമാക്കാമോ;

(സി) ഉണ്ടെങ്കിൽ പ്രസ്തുത ഉത്തരവ് മാറ്റിവയ്ക്കണമെന്ന ട്രേഡ് യൂണിയനുകളുടെ ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ഇത് സംബന്ധിച്ച് എടുത്തിട്ടുള്ള തീരുമാനം എന്തെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) പഞ്ചായത്ത് ഒഴികെയുള്ള എല്ലാ മേഖലകളിലും മെക്കാനിക്കൽ ഫെയർ മീറ്റർ നിഷ്കർഷിച്ചിട്ടുണ്ട്.

(ബി) ട്രാൻസ്പോർട്ട് കമ്മീഷണറുടെ 24-1-2004-ലെ സർക്കുലർ 9/04 പ്രകാരം 1-4-2004-ന് ശേഷം രജിസ്റ്റർ ചെയ്യുന്ന എല്ലാ ഓട്ടോറിക്ഷകളിലും ഡിജിറ്റൽ മീറ്റർ നിർബന്ധമാക്കുകയും 1-4-2004-ന് മുമ്പ് രജിസ്റ്റർ ചെയ്തവയിൽ 31-12-2004-നുശേഷം ഫിറ്റ്നസ് സർട്ടിഫിക്കറ്റ് പുതുക്കാൻ വരുന്ന അവസരത്തിൽ ഡിജിറ്റൽ ഫെയർ മീറ്റർ നിർബന്ധമായും ഘടിപ്പിച്ചിരിക്കണം എന്ന് ഉത്തരവിറക്കിയിരുന്നു. എന്നാൽ 24-1-2005-ൽ ഗതാഗത വകുപ്പ് മന്ത്രിയും ഓട്ടോറിക്ഷ തൊഴിലാളി യൂണിയനുകളും തമ്മിൽ നടത്തിയ ചർച്ചയുടെ അടിസ്ഥാനത്തിൽ പുതുതായി രജിസ്റ്റർ ചെയ്യുന്ന ഓട്ടോറിക്ഷകളിൽ മാത്രം ഡിജിറ്റൽ ഫെയർ മീറ്റർ ഘടിപ്പിച്ചാൽ മതിയെന്നും, ഒരു വിശദമായ പഠനം നടത്തിയതിനുശേഷം പഴയ ഓട്ടോ റിക്ഷകളിൽ ഡിജിറ്റൽ മീറ്റർ ഘടിപ്പിക്കുന്ന കാര്യത്തിൽ തീരുമാനം എടുക്കും എന്നും തീരുമാനിച്ചിട്ടുണ്ട്.

(സി) ഉണ്ട്.

(ഡി) 24-1-2005-ൽ ഗതാഗത വകുപ്പ് മന്ത്രിയും ഓട്ടോറിക്ഷ തൊഴിലാളി നേതാക്കളും തമ്മിൽ ഉണ്ടായ ചർച്ചയുടെ അടിസ്ഥാനത്തിൽ പുതുതായി രജിസ്റ്റർ ചെയ്യുന്ന ഓട്ടോറിക്ഷകളിൽ മാത്രം ഡിജിറ്റൽ ഫെയർ മീറ്റർ ഘടിപ്പിച്ചാൽ മതിയെന്നും, ഒരു വിശദമായ പഠനം നടത്തിയതിനുശേഷം പഴയ ഓട്ടോ റിക്ഷകളിൽ ഡിജിറ്റൽ മീറ്റർ ഘടിപ്പിക്കുന്ന കാര്യത്തിൽ തീരുമാനം എടുക്കും എന്നും തീരുമാനിച്ചിട്ടുണ്ട്.